EDUCATIONAL INSTITUTIONS IN THE CHITTUR RURAL AREA

41. മിസ്റ്റർ ആർ. എസ്സ്. തേവണ്ണകവുണ്ടർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹു മാനപ്പെട്ട ഗവണ്മെണ്ട് സദയം മറുപടി പറയുമോ.—

ചിറ്റൂർ റൂറൽ നിയോജകമണ്ഡലത്തിൽ യാതൊരുവിധ വിദ്യാഭ്യാസ സ്ഥാപന ങ്ങളും ഇല്ലാത്ത വില്ലേജുകൾ ഉണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

ചിറ്റൂർ റൂറൽ നിയോജകമണ്ഡലത്തിൽ താഴെ പറയുന്ന വില്ലേജുകൾ കഴിച്ചു ബാക്കി വില്ലേജുകളിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഇല്ല.

(1) ഒഴലപ്പതി, (2) കൊഴിഞ്ഞാമ്പാറ, (3) കോഴിപ്പാറ, (4) എരുത്തേമ്പതി, (5) രാമവമ്മപുരം പുത്തൂർ, (6) നല്ലേപ്പിള്ളി, (7) വന്നമട, (8) അരണ്ടപ്പള്ളം, (9) നന്നിയോട്, (10) പെരുമാട്ടി, (11) മീനാക്ഷിപുരം, (12) ഇരട്ടക്കുളം.

SAWING CHARGES IN CONNECTION WITH THE PERIGANLKUTHU WORKS

42. മിസ്റ്റർ എം. കെ. വർഗ്ഗീസ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക മറുപടി നൽകു വാൻ ബഹുമാനപ്പെട്ട ഗവണ്മെണ്ടിനു ദയവുണ്ടാകുമോ.—

(എ) പെരിങ്ങൽകുത്തിലെ പണികളുടെ ആവശ്യത്തിനു 1122 ഇടവം 1-ാം തീയ്യതിവരെ അറുത്ത മരത്തിനു എത്ര രൂപ്പിക അറുക്കുകൂലി കൊടുത്തു ;

(ബി) എന്തു നിരക്കുവെച്ചാണ് കൂലി കൊടുത്തതു?

റാവു സാഹിബ് കെ. അയ്യപ്പൻ :

(എ) 2,92 ക്യു. അണ. 0 പൈ.

(ബി) ഒരു ക്യൂബിക്ക് അടിക്ക് 2 ക. 8 ണ. നിരക്കുവെച്ചു.

DETAILS REGARDING THEFT CASES

43. Mr. P. A. Mohammed Ashrof *(Cranganur):* Will Government be pleased to state.—

(a) the number of cases of theft from dwelling houses reported to the police from Ernakulam Town in the year 1122;

(b) the number of cases charge sheeted from above;

(c) the number of cases in which offenders have not been traced so far;

(d) the approximate total value of properties involved;

(e) the approximate total value of the properties recovered by the Police?

Rao Sahib A. Madhava Prabhu *(Chief Secretary to Government):*

(a) 74 cases.

(b) 34 cases.

(c) 40 cases.

(d) Rs. 9,549—14—0.

(e) Rs. 4,439—13—0.

SALARY OF CENTRAL DEPOT-KEEPERS

44. മിസ്റ്റർ എം. കെ. വർഗ്ഗീസ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മറുപടി പറയു ന്നതിനു ബഹുമാനപ്പെട്ട ഗവണ്മെണ്ടിനു ദയവുണ്ടാകുമോ.—

(എ) സെൻട്രൽ ഡിപ്പോ കീപ്പർമാരുടെ ശമ്പളഗ്രേഡ് എന്തു ;

(ബി) അവക്കുവേണ്ട മിനിമം ക്വാളിഫിക്കേഷൻ എന്തു ;

(സി) ഇപ്പോഴുള്ള സെൻട്രൽ ഡിപ്പോ കീപ്പർമാരുടെ എഡ്യൂക്കേഷണൽ ക്വാളി ഫിക്കേഷൻ എന്തു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) മട്ടാഞ്ചേരി സെൻട്രൽ ഡിപ്പോ Rs. 40 0—40—60.

തൃശ്ശിവപേരൂർ സെൻട്രൽ ഡിപ്പോ Rs. 35 0—40 0.

LIBRARY ARCHIVES Kerala Legislative Assembly